# പാഠം ഒന്ന് ഒരുമ

ഒരുമയോടെ ഒന്നുചേർന്നൊ
രുമനസ്സായ് നിന്നിടാം
സ്നേഹമായ് ത്യാഗമായ്
നാടിനെത്തുണച്ചിടാം
കാവലായ്  കരുതലോടെ
നാടിനെ കാത്തിടാം
ഒരുമയെന്ന പാഠവും
പഠിച്ചനാമിതിനിടെ
കഴുത്തുമുങ്ങി നിന്നൊരാ
പ്രളയവും കഴിഞ്ഞുടൻ
വന്നു കോവിഡെന്ന മാരിയും

അതിഥികളില്ലിന്നാതിഥേയരും
മനുഷ്യനൊന്നെന്നാശയം
കൈവരിച്ചിടാം നമുക്കിനി
കോവിഡെന്ന മാരിയെ
പിടിച്ചുകെട്ടിടാം
നാടിനായ് നന്മയോടെ
നമ്മളൊന്നായ് മാറിടാം
ഒറ്റയടുപ്പിലൂടെയിന്നു ഭഷണം
കൊടുത്തിടാം പട്ടിണിയകറ്റിടാം
മനുഷ്യനൊന്നായ് മാറിടാം
ഒരുമയോടെ ഒരുമനസ്സായ്
വീടിനുള്ളിലായിടാം
മുഖം മറച്ച് കൈ കഴുകി
കോവിഡെന്നൊരാഭീതിയെ
തകർത്തിടാംനമുക്കിനി
ഒരുമയെന്നൊരാശയം
പാടിവന്നപ്രളയവും
ഓർമ്മയായ് ഊർജ്ജമായ്
നമ്മളിൽ നിറഞ്ഞിടാം

ഒന്നു ചേർന്നു നിന്നിടാം
ഒരുമയോടെ പൊരുതിടാം
അകന്നു മാറി നിന്നിടാം
രോഗമുക്തി നേടിടാം

വൃന്ദ എസ് മുട്ടത്ത് ( ജി എച്ച് എസ് എസ് കോന്നി)
ക്ലാസ്സ 10